# കേരള കാർഷിക സർവ്വകലാശാല
# പടന്നക്കാട് കാർഷിക കോളേജ്

## വിജ്ഞാപനം

നമ്പർ: ഇ1–1803/2010 | തീയതി : 12.03.2018

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പടന്നക്കാട് കാർഷിക കോളേജിൽ എൻ.സി.എ. ഒഴിവുകളിലേക്ക് താൽക്കാലിക തൊഴിലാളികളെ നിയോഗിക്കുന്നതിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

| | | പുരുഷൻ | സ്ത്രീ |
|---|---|---|---|
| ഒഴിവുകളുടെ എണ്ണം : | എൽ.സി/എ.ഐ | 2 | 2 |
| | മുസ്ലീം | 2 | 2 |
| | ധീവര | 1 | -- |

അസോസിയേറ്റ് ഡീൻ

നിബന്ധനകൾ:

1. അപേക്ഷകർ സ്റ്റേഷൻ/ഫാം/കോളേജ് സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി പരിധിക്കുള്ളിലോ, സ്റ്റേഷനിൽ/ഫാമിൽ/കോളേജിൽ നിന്നും അഞ്ച് കിലോമീറ്റർ ദൂരപരിധിക്കുള്ളിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളിലോ ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലോ സ്ഥിരതാമസക്കാരായിരിക്കണം.

2. അപേക്ഷകർക്ക് 01.01.2018 ന് 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതാണ്. 18നും 39 നും ഇടയ്ക്ക് പ്രായമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

3. വിദ്യാഭ്യാസ യോഗ്യത : 4-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ മാത്രം അപേക്ഷിച്ചാൽ മതിയാവും. ഉയർന്ന യോഗ്യതയുള്ളവരെ പരിഗണിക്കുന്നതല്ല.

4. വയസ്സ്, ജാതി, മതം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കാൻ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5. അപേക്ഷകർ നിർദ്ദിഷ്ട സ്ഥലപരിധിക്കുള്ളിൽ സ്ഥിര താമസക്കാരനാണെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജോഫീസറുടെ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പു കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

6. അപേക്ഷാ ഫോറം കോളേജിൽ നിന്നും 20 രൂപ വിലയ്ക്ക് 09.04.2018 മുതൽ 08.05.2018ന് 3 മണി വരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് പ്രവൃത്തി സമയത്ത് ലഭിക്കുന്നതാണ്. തുക പണമായി അതാത് സ്റ്റേഷനിൽ ഒടുക്കേണ്ടതാണ്.

7. കായികക്ഷമതാ പരീക്ഷ, തൊഴിൽ വൈദഗ്ധ്യ പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.

8. സർവ്വകലാശാല നിശ്ചയിക്കുന്ന ഇനങ്ങളിലായിരിക്കും അപേക്ഷകരുടെ തൊഴിൽ വൈദഗ്ധ്യം പരിശോധിക്കുന്നത്.

9. സാമുദായിക സംവരണം സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെയും ഗവൺമെന്റ് ഉത്തരവുകളുടെയും മാനദണ്ഡങ്ങൾ കാഷ്വൽ തൊഴിലാളി നിയമനത്തിനും ബാധകമായിരിക്കും.

10. 15.07.2010 തീയ്യതിയിലെ വിജ്ഞാപന പ്രകാരം ഒരു പ്രത്യേക സംവരണ വിഭാഗത്തിലെ പുരുഷ-സ്ത്രീ കാഷ്വൽ തൊഴിലാളി സംവരണ വിഭാഗങ്ങളിലേക്ക് അപേക്ഷ സമർപ്പിച്ചവർ ഈ വിജ്ഞാപന പ്രകാരം വീണ്ടും അപേക്ഷിക്കേണ്ടതില്ല

11. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 10.05.2018 വൈകീട്ട് 5 മണി വരെ ആയിരിക്കും.**

12. വിശദ വിവരങ്ങൾ 0467-2280616 എന്ന ടെലിഫോൺ നമ്പറിൽ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ അറിയാവുന്നതാണ്.